"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂടം സീസൺ 2023 - സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.579/2022/F&WLD തീയതി,തിരുവനന്തപുരം, 27-12-2022

---

പരാമർശം:-

1. സ.ഉ.(സാധാ) നം.8/2012/വനം തീയതി 4.01.2013
2. സ.ഉ.(സാധാ) നം.5/2019/വനം തീയതി 4.01.2019
3. സ.ഉ.(സാധാ) നം.393/2019/വനം തീയതി 25.09.2019
4. സ. ഉ.(സാധാ) നം.19/2022/വനം തീയതി 13/01/2022
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 14.12.2022 ലെ WL6-16257/2022 നമ്പർ കത്ത്

**ഉത്തരവ്**

അഗസ്ത്യാർകൂടം സീസൺ 2023-മായി ബന്ധപ്പെട്ട് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1. 2023 വർഷത്തെ അഗസ്ത്യാർകൂടം ട്രെക്കിങ്ങ് (സീസണൽ) 2023 ജനുവരി 16 മുതൽ 2023 ഫെബ്രുവരി 15 വരെ നടത്തുന്നതിന് അനുമതി നൽകുന്നു.
2. 2023 വർഷത്തെ അഗസ്ത്യാർകൂടം ട്രെക്കിങ്ങ് (സീസണൽ ) ഓൺലൈൻ ബുക്കിംഗ് 2023 ജനുവരി 5 മുതൽ ഒരു ദിവസം 75 പേർ എന്ന കണക്കിൽ ആരംഭിക്കാവുന്നതാണ്.
3. ബുക്കിംഗ് കാൻസലേഷൻ ഉൾപ്പെടെ പരമാവധി 25 പേർക്ക് ഒരു ദിവസം ഓഫ്‌ലൈൻ ബുക്കിംഗ് അനുവദിക്കാവുന്നതാണ്.
4. ബുക്ക് ചെയ്ത 18 വയസ്സുമുതൽ പ്രായമുള്ളവർക്ക് 7 ദിവസത്തിനുള്ളിൽ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ട്രെക്കിങ് അനുവദിക്കാൻ പാടുള്ളു. ഈ വിവരം രെജിസ്ട്രേഷൻ സ്ലിപ്പിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
5. ബുക്ക് ചെയ്ത 14 വയസ്സുമുതൽ 18 വയസ്സിനകം പ്രായമുള്ളവർക്ക് 7 ദിവസത്തിനുള്ളിൽ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, രക്ഷാകർത്താവ് നൽകിയ അനുമതി പത്രം എന്നിവ ഹാജരാക്കിയാൽ മാത്രമേ ട്രെക്കിങ് അനുവദിക്കാൻ പാടുള്ളു.
6. ഒരാളിന് ട്രെക്കിങ് ഫീസ് ഇനത്തിൽ 1500 രൂപയും ഇക്കോ മാനേജ്മെൻറ് സ്പെഷ്യൽ ഫീസായി 300 രൂപയും ഉൾപ്പെടെ 1800 രൂപ ഈ വർഷം ഈടാക്കാവുന്നതാണ്.

7. ട്രെക്കിങ്ങിൽ പങ്കെടുക്കുന്നവർ കോവിഡ് മാനദണ്ഡം കർശനമായി പാലിക്കേണ്ടതാണ്.
8. റിപ്പോർട്ടിങ് ക്യാമ്പിൽ സാധ്യമെങ്കിൽ, മെഡിക്കൽ ഫസ്റ്റ് എയിഡ് സൗകര്യം ഒരുക്കേണ്ടതാണ്.
9. പേഴ്സണൽ ആക്സിഡെന്റ് ഇൻഷുറൻസ് സംവിധാനം ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
ചിഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഗസ്ത്യാർകൂടം ബയോളജിക്കൽ പാർക്ക്), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്
(മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shiju P Paul**
**Date: 27-12-2022 14:57:34**
സെക്ഷൻ ഓഫീസർ